**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2686** **13-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് ലഭിക്കേണ്ട കുടിശിക തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എൻ.കെ. അക്ബർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022 ജൂൺ മാസത്തെ ജി.എസ്.ടി. നഷ്ടപരിഹാരവും യു.ജി.സി. ശമ്പള പരിഷ്കരണ കുടിശിക നൽകിയ തുകയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് 15-ാം ധനകമ്മീഷന്റെ നിർദ്ദേശപ്രകാരം നൽകേണ്ട തുകയും ഉൾപ്പെടെ സംസ്ഥാനത്തിന് ലഭിക്കേണ്ട തുക കാലവിളംബം കൂടാതെ ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഊർജ്ജ മേഖലയിൽ കൈവരിച്ച നേട്ടത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് അർഹമായ അധിക വായ്പക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; | (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ ഊർജ്ജ മേഖലയിൽ കൈവരിച്ച നേട്ടത്തിന്റെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ജിഎസ്ഡിപിയുടെ 0.45% അധിക വായ്പ നടപ്പുവർഷം (2022-23) എടുക്കുന്നതിന് തത്വത്തിൽ കേന്ദ്ര ധനമന്ത്രാലയത്തിനു കീഴിലുള്ള ധന വിനിയോഗ വകുപ്പ് 19.09.2022-ലെ F.No.40 (12)/PF-S/2021-22 കത്ത് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | സാമ്പത്തിക പ്രതിസന്ധിക്കിടയിലും ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം വരാതെ നടത്താൻ കഴിഞ്ഞിട്ടുണ്ടോ; അറുപത് ലക്ഷത്തോളം വരുന്ന ക്ഷേമ പെൻഷൻകാർക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | 26.09.2022-ലെ സ.ഉ(സാധാ)നം. 6557/2022/ധന ഉത്തരവു പ്രകാരം 2022 സെപ്റ്റംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകളും, 07.10.2022-ലെ സ.ഉ.(സാധാ) നം. 6774/2022/ധന പ്രകാരം സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡു പെൻഷനുകളും അനുവദിച്ചിരുന്നു. 2022 ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷനുകളും, സർക്കാർ നൽകുന്ന ധനസഹായത്താൽ പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡു പെൻഷനുകളും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ